"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിജിലൻസ് വകുപ്പ് - വി.സി. 5/2014/എം.പി.എം. നമ്പർ വിജിലൻസ് കേസിലെ കുറ്റാരോപിതനായ അരീക്കോട് സബ് രജിസ്ട്രാർ ഓഫീസിലെ എൽ.ഡി ക്ലർക്ക് ശ്രീ.സുരേന്ദ്രൻ.കെ.വി-യ്ക്കെതിരെ കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ മുഖേന അന്വേഷണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിജിലൻസ് (എ) വകുപ്പ്

സ.ഉ.(കൈ) നം.7/2023/VIG തീയതി,തിരുവനന്തപുരം, 08-10-2023

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 13.03.2020-ലെ സി5-(വി.സി.5/2014/എം.പി.എം.)36147/14 നമ്പർ കത്ത്.
2. 09.12.2020 തീയതിയിലെ നം.വിജി-എ2/116/2020-വിജി നമ്പർ കുറ്റാരോപണ മെമ്മോ.
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 27.07.2021 ലെ IGR/3535/2020-E9 നമ്പർ കത്ത്.
4. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 08.12.2021 ലെ IGR/3535/2020-E9 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ശ്രീ.കെ.വി.സുരേന്ദ്രന്റെ 23.01.2021 ലെ അപേക്ഷ.
5. 20.11.2021 തീയതിയിലെ നം.വിജി-എ2/116/2020-വിജി നമ്പർ കത്ത്.
6. ശ്രീ.കെ.വി. സുരേന്ദ്രന്റെ 11.02.2022 ലെ അപേക്ഷ.
7. 16.04.2022 തീയതിയിലെ നം.വിജി-എ2/116/2020-വിജി നമ്പർ കത്ത്.
8. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 24.02.2023 ലെ IGR/3535/2020-E9 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ശ്രീ.കെ.വി.സുരേന്ദ്രന്റെ 18.03.2022 ലെ പ്രതിവാദ പത്രിക.

<u>ഉത്തരവ്</u>

അരീക്കോട് സബ് രജിസ്ട്രാർ ഓഫീസിലെ എൽ.ഡി ക്ലാർക്ക് ആയ ശ്രീ.കെ.വി. സുരേന്ദ്രൻ(A1) തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുകയും ശ്രീ.എം.ഭാസ്കരൻ(A2), ശ്രീ.ഇന്ദർ,സി(A3), ശ്രീമതി. നടുത്തോടി റംലത്ത്(A4), എന്നീ സ്വകാര്യ വ്യക്തികളുടെ സഹായത്തോടെ സബ് രജിസ്ട്രാറെയും സർക്കാരിനെയും വഞ്ചിക്കണമെന്ന ഉദ്ദേശത്തോടെ ഫയലിംഗ് ഷീറ്റിന്റെ വ്യാജമായ രേഖകൾ ഉണ്ടാക്കുകയും ആയത് യഥാർത്ഥമാണെന്ന് കാട്ടി ഫയലിംഗ് ഷീറ്റിന്റെ 221, 222 പേജുകളിൽ

തന്റെ സ്വകാര്യ പാസ്സ്‌വേർഡ് ഉപയോഗിച്ച് ഉൾപ്പെടുത്തുകയും ചെയ്തെന്ന ആരോപണത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മലപ്പുറം യൂണിറ്റിൽ രജിസ്റ്റർ ചെയ്ത വി.സി. 5/2014/എം.പി.എം. നമ്പർ വിജിലൻസ് കേസിന്റെ അന്വേഷണത്തിൽ നിന്നും, ശ്രീ.സുരേന്ദ്രൻ നിയമങ്ങളും നടപടി ക്രമങ്ങളും ലംഘിച്ചതായും സബ് രജിസ്ട്രാർ ഓഫീസിലെ ഫയലിംഗ് ഷീറ്റ് മാറ്റിക്കൊണ്ട് രേഖകൾ തയ്യാറാക്കിയതായും കണ്ടെത്തുകയുണ്ടായി. മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ A1 ശ്രീ.കെ.വി.സുരേന്ദ്രനെതിരെ വിജിലൻസ് ട്രൈബ്യൂണൽ എൻക്വയറി നടത്തുന്നതിനും A2 മുതൽ A4 വരെയുള്ളവരുടെ ഡോക്യുമെന്റ് ലൈസൻസും പകർപ്പെഴുത്ത് ലൈസൻസും റദ്ദ് ചെയ്യുന്നതിനും ശിപാർശ ചെയ്ത് പരാമർശം(1) പ്രകാരം വിജിലൻസ് ഡയറക്ടർ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. കേസിന്റെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ബഹു.കോഴിക്കോട് വിജിലൻസ് കോടതി മുമ്പാകെ സമർപ്പിച്ച അന്തിമ റിപ്പോർട്ട് കോടതി 14/02/2020- ൽ അംഗീകരിക്കുകയും ചെയ്തു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും വിജിലൻസ് ഡയറക്ടറുടെ ശിപാർശ അംഗീകരിക്കുകയും ശ്രീ.കെ.വി. സുരേന്ദ്രനെതിരെ വിജിലൻസ് ട്രൈബ്യൂണൽ മുഖേന എൻക്വയറി നടത്തുന്നതിന് താത്കാലിക തീരുമാനം കൈക്കൊള്ളുകയുമുണ്ടായി. അതനുസരിച്ച് ചുവടെ പറയുന്ന കുറ്റങ്ങൾ ചുമത്തി കുറ്റാരോപിതന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു. കുറ്റാരോപണ മെമ്മോ കൈപ്പറ്റിയതായുള്ള കുറ്റാരോപിതന്റെ കൈപ്പറ്റ് രേഖയും മറ്റു വിവരങ്ങളും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

<u>3. കുറ്റാരോപിതനു മേലുള്ള കുറ്റങ്ങൾ</u>

"THAT YOU, Sri.Surendran.K.V, S/o Velayudhan.T, Kottoor House, Plantation Sugandhagiri, Vythiari, Waynad while working as LD Clerk in Areacode Sub Registrar Office Malappuram during the period from 06/02/2009 and as such being a Government Servant committed criminal misconduct by fraudulently making false document of filing sheet with the assistance of document writer and used the same as genuine document and placed the above documents in the place of page 221 and 222 of filing sheet in volume No.1516 of SRO Areacode relating to the Document No.3790/2011 and unauthorised corrections were also made in the computer by using the password and user ID of Sub Registrar and thereby committed the offence of criminal misconduct.

Further you had not taken steps to rectify the defects in the document by conducting re-registration of the document which caused monetary loss to an amount of Rs 3566/- to the state exchequer and thereby you committed grave misconduct and failed to maintain absolute integrity and devotion to duty. Your action described above amount to serious misconduct and grave irregularities on your part.

4. ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് അവസരം നൽകണമെന്നും വിശദീകരണം

സമർപ്പിക്കുവാൻ കൂടുതൽ സമയം അനുവദിക്കണമെന്നും ആവശ്യപ്പെട്ടു കുറ്റാരോപിതൻ സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കുകയും, രേഖകൾ പരിശോധിച്ച് പകർത്തെഴുത്തു നടത്തുന്നതിന് പരാമർശം (5) പ്രകാരം ടിയാന് സമയം അനുവദിച്ച് നൽകിയതോടൊപ്പം രേഖകൾ പരിശോധിച്ച് പകർത്തെഴുത്ത് നടത്തിയ തീയതി മുതൽ 15 ദിവസത്തിനുള്ളിൽ എതിർവാദ പത്രിക സമർപ്പിക്കുവാൻ ടിയാന് നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് കുറ്റാരോപിതൻ രേഖകൾ പരിശോധിക്കുവാൻ നേരിട്ട് ഹാജരാവുകയും ടി രേഖകളുടെ പകർപ്പിനായി വിവരാവകാശ നിയമപ്രകാരം അപേക്ഷിക്കുകയും അനുവദനീയമായ രേഖകൾ നൽകുകയും ചെയ്തു.

5. മലപ്പുറം ജില്ലാ രജിസ്ട്രാർ ഓഫീസിലെ ചില രേഖകൾ കൂടി പ്രതിവാദ പത്രിക തയ്യാറാക്കുന്നതിന് ആവശ്യമായതിനാൽ ആയതു ലഭിക്കുവാൻ വിവരാവകാശ നിയമപ്രകാരം അപേക്ഷിച്ചിട്ടുണ്ടെന്നും ആയതിനാൽ മറുപടി ലഭിക്കുന്നതിനുള്ള 30 ദിവസവും മറുപടി തയ്യാറാക്കുന്നതിന് 15 ദിവസവും ചേർത്ത് 05.02.2022 മുതൽ 45 ദിവസം കൂടി മറുപടി സമർപ്പിക്കുന്നതിനായി അധികസമയം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ പരാമർശം (6) പ്രകാരം വീണ്ടും അപേക്ഷ സമർപ്പിക്കുയുണ്ടായി. തുടർന്ന് ടിയാൻ ആവശ്യപ്പെട്ട അധിക സമയം അനുവദിച്ചിട്ടുള്ളതായും എന്നാൽ എതിർവാദ പത്രിക സമർപ്പിക്കുന്നതിന് ഇനി സമയം നീട്ടി നൽകാനാവില്ലെന്നും പരാമർശം (7) പ്രകാരം ടിയാനെ അറിയിക്കുകയും ചെയ്തു. ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക പരാമർശം (8) ലെ കത്ത് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ഈ വകുപ്പിൽ ലഭ്യമാക്കുകയും ടിയാന്റെ പ്രതിവാദ പത്രിക സർക്കാരിൽ ലഭിക്കുന്നതിൽ കാലതാമസം നേരിട്ടതായി ബോധ്യപ്പെട്ടെങ്കിലും കുറ്റാരോപിതന്റെ വീഴ്ചയല്ല IGR ഓഫീസിലെ വീഴ്ചയാണ് കാലതാമസത്തിനു പ്രധാന കാരണം എന്നതിനാൽ കുറ്റാരോപിതൻ സമർപ്പിച്ച പ്രതിവാദ പത്രിക പരിഗണിച്ചു പരിശോധിക്കുകയുമുണ്ടായി.

6. വ്യാജമായി നിർമ്മിച്ചു ചേർത്ത പേജ് 221, 222 എന്നിവയിൽ കാണുന്ന ഒപ്പ് ടിയാന്റേതാണെന്ന് കേസിന്റെ അന്വേഷണത്തിൽ കണ്ടെത്തിയ ഒന്നാമത്തെ തെളിവ് സംബന്ധിച്ച്, ഒപ്പ് ടിയാന്റേതാണെന്ന് സമ്മതിക്കുന്നുണ്ടെങ്കിലും വായിച്ചതും പരിശോധിച്ചതുമായ കൂടുതൽ ഫയലിംഗ് ഷീറ്റുകൾ ഒന്നിച്ചൊപ്പിടുമ്പോൾ ഒപ്പിടാൻ വിട്ടുപോകാറുണ്ടെന്നും പിന്നീട് പരിശോധിച്ച് അപ്രകാരം ചെയ്യുന്നത് പതിവാണെന്നും മറ്റും പ്രതിവാദ പത്രികയിൽ ടിയാൻ വാദിച്ചിട്ടുണ്ട്. എന്നാൽ തനിക്കു വീട്ടിൽ ദിവസേന പോയി വരുന്നതിനു സാധിക്കാത്തതിനാലാണ് സബ് രജിസ്ട്രാർ ഓഫീസിനടുത്തു റൂമെടുത്തു താമസിക്കേണ്ടി വന്നതെന്നും ദൂരെയെവിടെയെങ്കിലുമായിരുന്നെങ്കിൽ താൻ ഒഴിവാകുമായിരുന്നെന്നും ഓഫീസിന്റെ താക്കോൽ സബ് രജിസ്ട്രാറുടെ പാസ്സ്‌വേർഡ് എന്നിവ താനുപയോഗിച്ചു എന്നുപറയുന്നതിനെതിരെ ആയതു ഓഫീസ് മേധാവി തന്നെയാണ് സൂക്ഷിക്കേണ്ടതെന്നും നിയമാനുസരണം ആരും തന്നെ താക്കോൽ ഏല്പിച്ചിട്ടില്ലെന്നും സബ് രജിസ്ട്രാറുടെ പാസ്സ്‌വേർഡ് സബ് രജിസ്ട്രാർ തന്നെയാണ് രഹസ്യമായി സൂക്ഷിക്കേണ്ടതെന്നും ആയതിനാൽ താൻ ഉത്തരവാദിയല്ലെന്നും ടി കുറ്റം തന്നിൽ ആരോപിക്കുന്നത് നീതിയല്ലെന്നും സാധാരണ പ്രവർത്തി ദിവസങ്ങളിൽ പോലും റെക്കോർഡ് റൂം പൂട്ടിയിടണമെന്നും അതിനകത്തു നിന്നും റെക്കോർഡുകൾ എടുക്കണമെങ്കിൽ സബ് രജിസ്ട്രാറുടെ നിരീക്ഷണത്തോടെ മാത്രമേ ആകാവൂ എന്ന് നിയമം അനുശാസിക്കുന്നുണ്ടെന്നും അതിനാൽത്തന്നെ റെക്കോർഡ് റൂമിലെ ടി വാല്യത്തിലെ ഷീറ്റുകൾ മാറ്റി വയ്ക്കാൻ സാധിക്കില്ലെന്നും 3790 /11 നമ്പർ ആധാരം രജിസ്റ്റർ ചെയ്തസമയം സബ് രജിസ്ട്രാർ തന്റെ കടമ നിയമപ്രകാരം നിറവേറ്റിയിരുന്നെങ്കിൽ പ്രസ്തുത ഷീറ്റുകൾ മാറ്റിവച്ചിട്ടുണ്ടെങ്കിൽക്കൂടി അത് സംഭവിക്കുമായിരുന്നില്ലയെന്നും ആരെങ്കിലും അത് മാറ്റിവച്ചിട്ടുണ്ടെങ്കിൽ ടിയാൻ അതിനു ഉത്തരവാദിയല്ല എന്നും ഫയലിംഗ് ഷീറ്റുമാറ്റിയതിൽ തനിക്കു ബന്ധമുണ്ടെന്ന് ടി ആധാരവുമായി ബന്ധപ്പെട്ട

ആധാരമെഴുത്തുകാരോ ശ്രീ വീരാൻകുട്ടിയോ സൂചിപ്പിച്ചിട്ടില്ലെന്നും പ്രതിവാദ പത്രികയിൽ ടിയാൻ വാദിച്ചിട്ടുണ്ട്.

7. സർക്കാർ ഈ വിഷയം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. സബ് രജിസ്ട്രാറുടെ പാസ്സ്‌വേർഡ് ഉപയോഗിച്ച് കംപ്യൂട്ടറിൽ തിരുത്തൽ വരുത്തിയത് ടി ഓഫീസിനു അടുത്ത തന്നെ താമസിക്കുന്ന ടിയാൻ ആണെന്ന് അന്വേഷണത്തിൽ വ്യക്തമായിരുന്നു. ഫയലിംഗ് ഷീറ്റിലെ പേജ് 221, 222 എന്നിവയിൽ കാണുന്ന മാറ്റപ്പെട്ട ഷീറ്റുകളിലെ ഒപ്പ് ടിയാന്റെതാണെന്നു ടിയാൻ സമ്മതിച്ചിട്ടുണ്ട്. സബ് രജിസ്ട്രാർക്ക് നൽകിയിട്ടുള്ള പാസ്‌വേഡ് വ്യക്തിഗതമായി മറ്റു സ്റ്റാഫുകളും ഉപയോഗിക്കാറുണ്ടെന്നും കമ്പ്യൂട്ടറിലെ ഡോക്യുമെന്റ് നമ്പർ 3790/11 സംബന്ധിച്ച എൻട്രികളിൽ 28/02/2012 ന് 07.30.25-ന് ടി പാസ്സ്‌വേർഡ് ഉപയോഗിച്ച് ടിയാൻ തന്നെയാണ് മാറ്റം വരുത്തിയതെന്നും, ഇത് അഖിലേന്ത്യാ പണിമുടക്ക് ദിവസമായിരുന്നതിനാൽ മറ്റ് ജീവനക്കാരൊന്നും അന്ന് ഡ്യൂട്ടിക്ക് എത്തിയില്ലെന്നും സബ് രജിസ്ട്രാർ ഓഫീസിന് സമീപം താമസിക്കുന്നതിനാൽ ഓഫീസിന്റെ ഒരു താക്കോൽ ടിയാന്റെ പക്കൽ സൂക്ഷിച്ചിട്ടുണ്ടായിരുന്നെന്നും വിജിലൻസ് കേസിന്റെ അന്വേഷണത്തിൽ വെളിപ്പെട്ടിട്ടുണ്ട്. പാസ്സ്‌വേർഡ്, ഓഫീസ് താക്കോൽ, റെക്കോർഡ് റൂം എന്നിവയുടെ ഉത്തരവാദിത്തം നിയമപ്രകാരം സബ് രജിസ്ട്രാർക്കു തന്നെയാണെന്ന് ടിയാൻ വാദിക്കുന്നുണ്ടെങ്കിലും ഓഫീസിന്റെ പ്രവർത്തനം പ്രായോഗികമായി നടത്തിക്കൊണ്ടുപോകുന്നതിനു തന്റെ സ്റ്റാഫിന്റെ മേലുള്ള ഉത്തമവിശ്വാസത്തിൽ സബ് രജിസ്ട്രാർ പാസ്സ്‌വേർഡ് ഓഫീസ് താക്കോൽ എന്നിവ നൽകുകയും എന്നാൽ വിശ്വാസവഞ്ചന നടത്തി ടിയാൻ ആയതു ദുരുപയോഗം ചെയ്യുകയുമാണുണ്ടായത്. ഇതിൽ ഗുണം ലഭിക്കുന്ന ശ്രീ.വീരാൻകുട്ടിയോ ഗൂഢാലോചനയിൽ പങ്കുള്ള ബന്ധപ്പെട്ട ആധാരമെഴുത്തുകാരോ ഫയലിംഗ് ഷീറ്റുമാറ്റിയതിൽ ടിയാന് ബന്ധമുണ്ടെന്ന് ടിയാനെതിരെ ഒന്നും സൂചിപ്പിക്കില്ലെന്നുള്ളത് സ്വാഭാവികമാണ്. അതിനാൽ ടി വാദം ഒട്ടും പരിഗണനയർഹിക്കുന്നില്ല. ടിയാനെതിരെ വാക്കാലുള്ള തെളിവുകളും ഡോക്യുമെന്ററി തെളിവുകളും ഉണ്ട്. കൂടാതെ, ടിയാന്റെ വിശദീകരണം, പരിഗണനാർഹമല്ലെന്ന അഭിപ്രായത്തോടെയാണ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ ടിയാന്റെ പ്രതിവാദ പത്രിക സർക്കാരിൽ സമർപ്പിച്ചിരിക്കുന്നത്.

8. മേൽ വസ്തുതകളുടെ വെളിച്ചത്തിൽ ടിയാന്റെ വാദങ്ങൾ ട്രിബ്യൂണൽ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തന്നെ പരിശോധിച്ചുറപ്പിക്കേണ്ടതുണ്ടെന്നു കാണുകയും എന്നിരുന്നാലും ട്രിബ്യൂണൽ എൻക്വയറി നടപടിക്രമങ്ങളുടെ ഭാഗമായി ടിയാന് കൂടുതൽ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയതു ബോധിപ്പിക്കുവാൻ ഒരു അവസരമെന്നോണം ടിയാനെ നേരിൽ കേൾക്കുന്നതിനായി തീരുമാനിക്കുകയും 14.09.2023-ാം തീയതി ഡെപ്യൂട്ടി സെക്രട്ടറി, വിജിലൻസ് ടിയാനെ നേരിൽ കേൾക്കുകയും ചെയ്തു. ഹിയറിംഗിനായി ശ്രീ.കെ.വി.സുരേന്ദ്രൻ ഹാജരാകുകയും ഹിയറിംഗ് വേളയിൽ പ്രതിവാദ പത്രികയിൽ സൂചിപ്പിച്ച വിവരങ്ങൾക്കുപരിയായി യാതൊന്നും ബോധിപ്പിക്കുവാനില്ല എന്നും ഈ വിഷയത്തിൽ സർക്കാരിനുണ്ടായ നഷ്ടം നികത്തുവാൻ ടിയാൻ തയ്യാറാണെന്നും അറിയിക്കുകയുണ്ടായി.

9. പ്രതിവാദ പത്രികയിലെ വാദങ്ങൾ പരിഗണനാർഹമല്ലാത്തതിനാലും ടിയാൻ ഹിയറിംഗ് വേളയിൽ പുതിയതായി യാതൊരു വാദമുഖങ്ങളും ഉന്നയിക്കാത്ത സാഹചര്യത്തിലും ടിയാനെതിരായ ആരോപണങ്ങൾ സംബന്ധിച്ച് വിശദമായി അന്വേഷിക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അഴീക്കോട് സബ് രജിസ്ട്രാർ ഓഫീസിലെ എൽ.ഡി ക്ലാർക്കായിരുന്ന ശ്രീ സുരേന്ദ്രൻ

കെ. വി യ്ക്കെതിരെ കേരള സിവിൽ സർവ്വീസ് (വിജിലൻസ് ട്രൈബ്യൂണൽ) റൂൾസ് 1960 പ്രകാരം കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ മുഖേന അന്വേഷണം നടത്തുന്നതിന് ഇതിനാൽ സർക്കാർ ഉത്തരവാകുന്നു.

10 കുറ്റാരോപണ മെമ്മോയിൽ പരമർശിച്ചിരിക്കുന്ന തെളിവുരേഖകളുടെ അസ്സലുകൾ/സെർട്ടിഫൈഡ് പകർപ്പുകൾ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യുറോ ഡയറക്ടർ, വിജിലൻസ് ടിബ്യൂണലിന് നേരിട്ട് കൈമാറേണ്ടതാണ്.

11. കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണലിൽ സർക്കാരിന് വേണ്ടി കേസ് നടത്തുന്നതിനായി വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോയുടെ ലീഗൽ അഡ്വൈസറിനെ/ അഡീഷണൽ ലീഗൽ അഡ്വൈസറിനെ ചുമതലപ്പെടുത്തുന്നു.

12. ടി കേസ് സംബന്ധിച്ച വസ്തുതകൾ വിജിലൻസ് ട്രൈബ്യൂണൽ മുമ്പാകെ കാര്യക്ഷമമായി അവതരിപ്പിക്കുന്നതിനുവേണ്ട സഹായങ്ങൾ ലീഗൽ അഡ്വൈസർക്ക്/അഡിഷണൽ ലീഗൽ അഡ്വൈസർക്ക് വിജിലൻസ് ഡയറക്ടർ/രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ റ്റി
അഡിഷണൽ സെക്രട്ടറി

വിജിലൻസ് ട്രൈബ്യൂണൽ, കോഴിക്കോട് (ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള രേഖകൾ സഹിതം. രേഖകൾ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്).
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
ശ്രീ സുരേന്ദ്രൻ കെ വി, മുൻ എൽ.ഡി ക്ലാർക്ക്, അരീക്കോട് സബ് രജിസ്ട്രാർ ഓഫീസ് (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖാന്തിരം).
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,തിരുവനന്തപുരം.
ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ.
നികുതി വകുപ്പ്.
വെബ്&ന്യൂ മീഡിയ
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Anjana M R
സെക്ഷൻ ഓഫീസർ
Date: 09-10-2023 11:06:46

പകർപ്പ്:-ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ

സ.ഉ.(കൈ) നം.7/2023/VIG

പി.എ-യ്ക്ക്.